IV സബ്മിഷൻ

(1)ചട്ടങ്ങൾ ലഘൂകരിച്ച് ധനസഹായം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. കെ. ബഷീർ: സർ, ഈ സർക്കാരിന്റെ ഏറ്റവും ജനപ്രിയവും ജനപ്രീതി നേടിയതുമായ ഒരു പദ്ധതിയായിരുന്ന കാരുണ്യ ബെനവലന്റ് പദ്ധതി. വളരെ നല്ല രീതിയിലാണ് ഈ പദ്ധതി മുന്നോട്ടുപോകുന്നത്. ചില അടിയന്തര സാഹചര്യങ്ങളിൽ പദ്ധതിയുമായി സഹകരിക്കുന്ന ഹോസ്പിറ്റലുകൾക്ക് പുറത്ത് ചികിത്സ തേടുന്ന നിർദ്ധനരായ രോഗികൾക്ക് അവരുടെ ചികിത്സാ ചെലവ് ജനപ്രതിനിധികളുടെ ശിപാർശക്കത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ പ്രത്യേക കേസായി അനുമതി നൽകിവരുന്നു. ആയത് കാരുണ്യ പദ്ധതിയുടെ സംസ്ഥാന ഓഫീസിലെത്തി പിന്നീട് അപേക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം അതാത് ഹോസ്പിറ്റലിലേയ്ക്ക് ചികിത്സാ ഫണ്ട് അനുവദിക്കുന്ന സംവിധാനമായിരുന്നു ഇതുവരെ തുടർന്നിരുന്നത്. എന്നാൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തീരുമാനം കുറച്ചുകൂടി കർക്കശമാക്കി. ധനകാര്യ വകുപ്പുമന്ത്രിയോ മുഖ്യമന്ത്രിയോ പ്രത്യേക അനുമതി കൊടുക്കുന്ന കേസുകൾ അതാത് ജില്ലാ സമിതിക്കയച്ച് അവരുടെ റിപ്പോർട്ടോടുകൂടി തിരികെ വന്നതിനുശേഷം സംസ്ഥാനതല സമിതിയിൽവച്ച് പാസ്സാക്കി സർക്കാരിന് അയച്ച് ഉത്തരവാക്കണമെന്നുള്ളതാണ് ഇപ്പോഴത്തെ പുതിയ നിർദ്ദേശം. പ്രത്യേക അനുമതിക്കേസുകളിൽ ജില്ലാ സമിതിക്ക് പ്രത്യേകിച്ചൊന്നും ചെയ്യാനില്ല. നിർദ്ധനരായ രോഗികളെ സഹായിക്കാൻ ആരംഭിച്ച ടി പദ്ധതി പ്രത്യേകാനുമതിക്കേസുകളിൽ അകാരണമായ കാലതാമസം വരുത്തുകയും തൻമൂലം അപേക്ഷകർക്ക് യഥാസമയത്ത് ധനസഹായം ലഭിക്കാതിരിക്കുകയും ചെയ്യുന്നതിന് കാരണമായിരിക്കുകയാണ്. ഒരു വർഷത്തിലധികമായി പ്രത്യേക അനുമതിക്കേസുകളിൽ ധനസഹായം ലഭിക്കാത്ത സാഹചര്യമാണ് പല കേസുകളിലുമുള്ളത്. രണ്ടുപ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ ഇക്കാര്യം ഒരു അപേക്ഷയായിത്തന്നെ തന്നിരുന്നു. അപേക്ഷകർ ആശുപത്രി വിടുന്നതിന് മുൻപ് കാരുണ്യ ഫണ്ട് ലഭിക്കാത്തതിനാൽ അവർ കടം വാങ്ങി പണം അടച്ചതിനുശേഷമാണ് പ്രത്യേക അനുമതിക്കേസിലുള്ള പണം ഹോസ്പിറ്റലിലെത്തുന്നത്. എന്നാൽ ബിൽ സെറ്റിൽ ചെയ്തുകൊണ്ട് ആശുപത്രിക്കാർ ആ പണം കാരുണ്യയിലേയ്ക്ക് തിരിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ അടിയന്തരമായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇടപെട്ട് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രത്യേക അനുമതിക്കേസുകളിൽ ഉണ്ടായിട്ടുള്ള കാലതാമസം ഒഴിവാക്കുന്നതിനും അപേക്ഷകർ ഹോസ്പിറ്റലിൽനിന്നും ഡിസ്ചാർജ് ചെയ്യുന്നതിന് മുൻപ് അനുവദിച്ച ധന നൽകുന്നതിനും അഥവാ കാലതാമസംമൂലം നൽകാൻ കഴിയാതെ വന്നാൽ പ്രസ്തുത ധന അപേക്ഷകരുടെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് നൽകുന്നതിനും പുതുതായി കൊണ്ടുവന്ന നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്കീമാണ് കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം. അർഹിക്കുന്നവരെ സഹായിക്കുന്നതിനുവേണ്ടി ശ്രീ. കെ. എം. മാണിസാർ ധനകാര്യ വകുപ്പുമന്ത്രിയായ അവസരത്തിൽ കൊണ്ടുവന്ന സ്കീമാണ്. ലോട്ടറി എന്നുപറഞ്ഞാൽ ഇതിനുമുൻപ് സാന്റിയാഗോ മാർട്ടിൻ എന്നാണ് കേരളത്തിലെ ജനങ്ങൾ അറിഞ്ഞിരുന്നത്. ഇന്നറിയുന്നത് കാരുണ്യ ബെനവലന്റ് ഫണ്ടെന്നാണ്. അത് എത്രമാത്രം പ്രയോജനം ചെയ്തിട്ടുണ്ടെന്ന് എല്ലാ ജനപ്രതിനിധികൾക്കും ബോധ്യപ്പെട്ടിട്ടുള്ളതാണ്. സഹായം കിട്ടിയവർക്ക് മാത്രമല്ല, കേരളത്തിലെ മുഴുവൻ ജനങ്ങൾക്കുമുള്ള വിശ്വാസമാണ്, ഒരു ആവശ്യമോ അത്യാഹിതമോ വന്നാൽ തനിക്ക് സമീപിക്കാൻ ഒരു സംവിധാനമുണ്ടെന്നും അവിടെപ്പോയി അപേക്ഷ കൊടുത്താൽ സഹായം കിട്ടുമെന്നുമുള്ള ഒരു ധാരണ. ആ സ്കീമിനെ ഒരുവിധത്തിലും ബുദ്ധിമുട്ടിലാക്കുന്ന സാഹചര്യമുണ്ടാക്കാൻ അനുവദിക്കില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ചട്ടങ്ങളിൽ മാറ്റമൊന്നും ഇതുവരെ വരുത്തിയിട്ടില്ല. ജനപ്രതിനിധികളുടെ അഭിപ്രായംകൂടി ആരാഞ്ഞ് ഇത് കൂടുതൽ ലളിതവും വേഗത്തിലുമാക്കുന്നതിനാവശ്യമായ മാറ്റങ്ങൾ വരുത്താൻ തയ്യാറാണ്. അർഹിക്കുന്നവർക്ക് ഏറ്റവും വേഗത്തിൽ ഇതിന്റെ സഹായം കിട്ടണം. അതിന് ഒരു തടസ്സവും ഉണ്ടാകാൻ പാടില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ കാര്യങ്ങൾ പ്രത്യേകം പരിശോധിക്കും. ആവശ്യമായ മാറ്റങ്ങൾ വേണമെങ്കിൽ തീർച്ചയായും വരുത്തുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

(2) എച്ച്. ആർ. കരാർ തൊഴിലാളികളുടെ നിയമനം

ശ്രീ. കെ. മുരളീധരൻ: സർ, കേരള വാട്ടർ അതോറിറ്റിയിൽ സംസ്ഥാനത്തുടനീളം ആയിരക്കണക്കിനാളുകൾ എച്ച്.ആർ. കരാർ തൊഴിലാളികളായി പണിയെടുക്കുന്നുണ്ട്. ഒരു ഡ്യൂട്ടി ചെയ്താൽ 350 രൂപ ലഭിക്കുന്ന ഇവർക്ക് നാളിതുവരെ പ്രതിമാസ മിനിമം വേതനം അനുവദിച്ചിട്ടില്ല. ദശാബ്ദങ്ങളോളം കരാർ വ്യവസ്ഥയിൽ പണിയെടുക്കുന്ന പല തൊഴിലാളികൾക്കും സർക്കാർ ഉദ്യോഗത്തിന്